**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2228** **09-02-2023 - ൽ മറുപടിയ്ക്ക്**

**റേഷൻ വിതരണ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സമ്പുഷ്ടീകരിച്ച അരി റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിന് തയ്യാറാണെന്ന് സംസ്ഥാനം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പൊതുവിതരണ ശൃഖംല വഴി വിതരണം ചെയ്യുന്നതിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നത് കേന്ദ്രസർക്കാരാണ്. ആയതിനാൽ ഭക്ഷ്യധാന്യ വിതരണവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ മുന്നോട്ടുവയ്ക്കുന്ന നിബന്ധനകൾ പാലിക്കാൻ സംസ്ഥാന സർക്കാരുകൾ ബാധ്യസ്ഥരാണ്. ടി സാഹചര്യത്തിലാണ് കുത്തരി (സി.എം.ആർ) സമ്പുഷ്ടീകരിക്കുന്നതിന് ആവശ്യമായ ചെലവ് കേന്ദ്ര സർക്കാർ വഹിക്കുന്ന പക്ഷം പൊതുവിതരണ സമ്പ്രദായത്തിലൂടെ സമ്പുഷ്ടീകരിച്ച അരി വിതരണം ചെയ്യുന്നതിന് തയ്യാറാണെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (ബി) | സമ്പുഷ്ടീകരിച്ച ഭക്ഷ്യധാന്യം മൂലമുള്ള ആരോഗ്യപ്രശ്നങ്ങളെ കുറിച്ചുള്ള വിദഗ്ദ്ധ സമിതി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സിവിൽ സപ്ലൈസ് വകുപ്പ് സമ്പുഷ്ടീകരിച്ച അരിയുടെ ഗുണ ദോഷങ്ങൾ പഠന വിധേയമാക്കിയിട്ടില്ല. എന്നാൽ തലാസീമിയ, സിക്കിൾ സെൽ അനീമിയ രോഗികൾക്ക് ഫോർട്ടിഫൈഡ് അരിയുടെ ഉപയോഗം ദോഷകരമാകുമെന്ന ആശങ്കയെ തുടർന്ന് പ്രസ്തുത വിഷയം സംബന്ധിച്ച് പഠനം നടത്തുന്നതിനായി മെഡിക്കൽ എഡ്യുക്കേഷൻ ഡയറക്ടർ ചെയർമാനായും അഡീഷണൽ ഹെൽത്ത് സർവ്വീസ് ഡയറക്ടർ (പബ്ലിക്ക് ഹെൽത്ത്) കൺവീനറായും വിദഗ്ധരുടെ ഒൻപത് അംഗ സമിതി ആരോഗ്യ വകുപ്പ് 31/01/2023 ലെ ഉത്തരവ് പ്രകാരം (GO(Rt)No.233/ 2023/H&FWD) രൂപീകരിച്ചിട്ടുണ്ട്. |
| (സി) | റേഷൻ വിതരണത്തിനായി എഫ്.സി.ഐ ഗോഡൗണുകളിൽ എത്തിച്ചിട്ടുള്ള പുഴക്കലരി സമ്പുഷ്ടീകരിച്ചതാണോ; വിശദമാക്കാമോ; | (സി) | വയനാട് ജില്ലയിൽ പൂർണ്ണമായും സമ്പുഷ്ടീകരിച്ച പുഴക്കലരിയാണ് വിതരണം നടത്തുന്നത്. കൂടാതെ പല ജില്ലകളിലും നോർമൽ പുഴക്കലരി ലഭ്യതയില്ലെന്നും ഫോർട്ടിഫൈഡ് പുഴക്കലരി |

| | | | |
|---|---|---|---|
| | | | മാത്രമേ ഇപ്പോൾ ലഭിക്കുന്നുള്ളുയെന്നും എഫ്.സി.ഐ.യിൽ നിന്ന് അറിയിച്ചിട്ടുണ്ട്. |
| (ഡി) | സാധാരണക്കാർക്ക് പുഴുക്കലരി കിട്ടാതാവുന്ന അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ; വിശദമാക്കാമോ; | (ഡി) | 2022 ജൂൺ മാസം വരെ എഫ്.സി. ഐ.യിൽ നിന്നും 50 ശതമാനത്തിനു മുകളിൽ പുഴുക്കലരി ലഭ്യമായിരുന്ന സ്ഥാനത്ത് 2022 ജൂലൈ മുതലുള്ള മാസങ്ങളിൽ ചില ജില്ലകളിൽ പുഴുക്കലരി ആവശ്യകതയ്ക്കനുസൃതമായി ലഭിക്കാതെ പച്ചരി കൂടുതലായി ലഭ്യമായ സാഹചര്യത്തിൽ അലോട്ട്മെന്റിന്റെ 50 ശതമാനം പുഴുക്കലരി ലഭ്യമാക്കുന്നതിന് 24/11/2022, 23/12/2022 എന്നീ തീയതികളിൽ കേന്ദ്ര സർക്കാരിലേക്ക് കത്ത് നൽകിയിരുന്നു. തുടർന്ന് സംസ്ഥാനത്തിന്റെ ആവശ്യപ്രകാരം ആകെ അലോട്ട്മെന്റിന്റെ 50 ശതമാനം പുഴുക്കലരി ലഭ്യമാക്കുന്നതിന് എഫ്.സി.ഐയ്ക്ക് നിർദ്ദേശം നൽകിയതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. |
| (ഇ) | റേഷൻകടകളിലെ യന്ത്ര തകരാർമൂലം സംസ്ഥാനത്തെ റേഷൻ വിതരണം പ്രതിസന്ധിയിലായിരിക്കുന്നത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചത്; പല താലൂക്കുകളിലും റേഷൻ വിതരണം രണ്ടു മണിക്കൂറായി പരിമിതപ്പെടുത്തിയിരിക്കുന്നതിന് പരിഹാരം കണ്ടെത്തുമോ; വിശദമാക്കുമോ? | (ഇ) | റേഷൻ വിതരണത്തിൽ ഭാഗികമായി ഉണ്ടാകുന്ന തടസ്സം പരിഹരിക്കുന്നതിലേക്കായി കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ ഓതന്റിക്കേഷൻ യൂസർ ഏജൻസി (AUA) സെർവർ കൂടാതെ അധികമായി NIC യുടെ AUA സെർവർ ഉപയോഗിക്കുന്നതിനുള്ള അനുവാദം ചോദിച്ചിട്ടുണ്ട്. ആയത് കൂടാതെ ഓതന്റിക്കേഷൻ സർവീസ് ഏജൻസി (ASA), UIDAI (ആധാർ) എന്നിവയുടെ സെർവറും കൃത്യമായി പ്രവർത്തിച്ചാൽ മാത്രമേ വിതരണത്തിൽ തടസം നേരിടുന്നത് പരിപൂർണമായി ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ഓതന്റിക്കേഷൻ സർവീസ് ഏജൻസി (ASA), UIDAI (ആധാർ) എന്നിവയുടെ സെർവറുകൾ സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിൽ ഉള്ളവയല്ല. ഈ സാഹചര്യത്തിൽ ഈ സെർവറുകളിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ മേൽപറഞ്ഞ ഏജൻസികളുമായി ബന്ധപ്പെട്ട് ഉടനടി പരിഹാരം കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റേഷൻ വിതരണം 2 മണിക്കൂർ മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല. സമയക്രമീകരണം ഏർപ്പെടുത്തിയതു പ്രകാരം രാവിലെ പ്രവർത്തിക്കേണ്ട കടകൾ 8 മണി മുതൽ 1 മണിവരെയും ഉച്ചയ്ക്ക് ശേഷം പ്രവർത്തിക്കേണ്ടവ 2 മണി മുതൽ 7 മണിവരെയും പ്രവർത്തിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ